ഉത്തരം

(എ) ഐ.എ.എസ് - 9 ഒഴിവുകൾ.

ഐ.പി.എസ് - 15 ഒഴിവുകൾ.

ഐ.എഫ്.എസ് - 17 ഒഴിവുകൾ.

(ബി) ഐ.എ.എസ് - 107*

ഐ.പി.എസ് - 83

ഐ.എഫ്.എസ് - 65

*ഇതിൽ ശ്രീ. ടി. ഭാസ്കരൻ ഐ.എ.എസ്. സസ്പെൻഷനിലാണ്. ശ്രീ. സുബ്രതാ ബിശ്വാസ് ഐ.എ.എസ്. കേന്ദ്ര ഡെപ്യൂട്ടേഷനുശേഷം തിരികെ കേഡറിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) കേന്ദ്ര സർവീസിലേക്ക് പോയ ഉദ്യോഗസ്ഥർ

ഐ.എ.എസ് - 44

ഐ.പി.എസ് - 20

ഐ.എഫ്.എസ് - 13

മറ്റ് സംസ്ഥാന സർവീസിലേക്ക് പോയ ഉദ്യോഗസ്ഥർ

ഐ.എ.എസ് - 4

ഐ.പി.എസ് - ഇല്ല.

ഐ.എഫ്.എസ് - 2

എൻഡോസൾഫാൻ ദുരന്തമനുഭവിക്കുന്നവർക്ക് നഷ്ട പരിഹാരം നൽകാനും പുനരധിവാസ പരിപാടികൾ ഏർപ്പെടുത്താനും കേന്ദ്ര സഹായം

17 (1545) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരന്തമനുഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകാനും പുനരധിവാസ പരിപാടികൾ ഏർപ്പെടുത്താനും കേന്ദ്ര സംസ്ഥാന സർക്കാരിന്റെ സംയുക്താഭിമുഖ്യത്തിൽ പ്രത്യേക പാക്കേജിന് രൂപം നൽകാൻ നടപടി വേണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദുരിതബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസം, മറ്റ് ആശ്വാസ നടപടികൾ എന്നിവ നൽകുന്നതിന് തീർപ്പ് കൽപ്പിക്കാനുള്ള അധികാരത്തോടുകൂടി ഒരു സ്ഥിരം ട്രൈബ്യൂണൽ സ്ഥാപിക്കാൻ കേന്ദ്രത്തിനോടാവശ്യപ്പെടുമോ ;

(സി) ഇത്തരം ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ഒരു സർവകക്ഷി നിവേദക സംഘം പ്രധാനമന്ത്രിയേയും മറ്റ് ബന്ധപ്പെട്ട മന്ത്രിമാരേയും നേരിട്ടു കാണുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പെൻഷൻ വർദ്ധനവ്, ചികിത്സയ്ക്കുള്ള പ്രത്യേക സഹായം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്പെഷ്യൽ പാക്കേജ് അംഗീകരിക്കുന്നതിനും ദുരിതബാധിതരുടെ പുനരധിവാസത്തിനുമായി സ്പെഷ്യൽ ഫണ്ട് രൂപീകരിക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 3-12-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 5216/2010/റവ പ്രകാരം വിക്ടിം റെമഡിയേഷൻ സെൽ തെരഞ്ഞെടുക്കുന്ന കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ റേഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിന് വേണ്ടി 100 കോടി രൂപ അനുവദിക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എൻഡോസൾഫാൻ സംബന്ധിച്ച കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിന് വേണ്ടി പ്രധാനമന്ത്രിയെ കാണുന്നതിനായി ഒരു സർവ്വകക്ഷി സംഘത്തെ അയയ്ക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

തീരദേശ പരിപാലന നിയമത്തിലെ വ്യവസ്ഥകൾ

18 (T 1548) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിപാലന നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലെ ചില അപാകതകൾ തീരമേഖലയിലെ നിർധന കുടുംബങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ മേഖലയിലെ ദാരിദ്ര്യവിഭാഗത്തിന് നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവനപദ്ധതികൾ അർഹരായവർക്ക് ലഭിക്കുന്നതിന് ഈ നിയമത്തിലെ വ്യവസ്ഥകൾ തടസ്സം സൃഷ്ടിക്കുന്നത് പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വസ്തുതകൾ കേന്ദ്ര സർക്കാരിന്റെയും കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly